# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **5921** **28.10.2011**ൽ മറുപടിയ്ക്ക്

**കാസർഗോഡ് വെടിവെയ്പ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി. റ്റി. എ. റഹീം : | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) കാസർഗോഡ് മുസ്ലീംലീഗ് സമ്മേളനത്തോടനുബന്ധിച്ചുണ്ടായ വെടിവയ്പിനെത്തുടർന്നു സമാധാനഭംഗമുണ്ടായതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് ചാർജ് ചെയ്തിട്ടുള്ളത് ; | (എ) വിവരം ശേഖരിച്ച് വരുന്നു |
| ബി) ഇതിൽ എത്ര കേസുകളാണ് സി. ബി. ഐ. ക്ക് വിട്ടത് ;<br>സി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;<br>ഡി) ഇതുമായി ബന്ധപ്പെട്ട മറ്റു കേസുകൾ സി. ബി. ഐ. ക്ക് വിടാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ബി), (സി), & (ഡി)<br>കാസർഗോഡ് പോലീസ് വെടിവെയ്പിൽ മരണമടഞ്ഞ മുഹമ്മദ് ഷെഫീക്കിന്റെ പിതാവ് ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 11304/10 നമ്പർ റിട്ട് പെറ്റീഷൻ (സിവിൽ) - ൽ 24.09.2010 - ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ കാസർ ഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 85/2010 കേസ്സിന്റെ അന്വേഷണം സി. ബി. ഐ. യ്ക്ക് കൈമാറുന്നതിനും ഹർജിക്കാരന് അഞ്ച് ലക്ഷം രൂപ നഷ്ട പരിഹാരം നൽകണമെന്നും ഉത്തരവിട്ടിരുന്നു. പ്രസ്തുത വിധിയ്ക്കെതിരെ സർക്കാർ 1964/10 നമ്പർ റിട്ട് അപ്പീൽ ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത അപ്പീൽ പിൻവലിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. ഈ സാഹചര്യത്തിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 85/2010 കേസ്സിന്റെ അന്വേഷണം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സി. ബി. ഐ. ഏറ്റെടുക്കണമെന്ന് ഇപ്പോൾ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

---